**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3970** **16.05.2017 ൽ മറുപടിയ്ക്ക്**

**വിഷപച്ചക്കറികൾ വിതരണം ചെയ്യുന്നത് തടയുവാനുള്ള നടപടി**

| **ചോദ്യം**<br>ശ്രീമതി.വീണാ ജോർജ്ജ് | **ഉത്തരം**<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷപച്ചക്കറികൾ വിതരണം ചെയ്യുന്നത് തടയാനായി എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | എ) ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പഴം-പച്ചക്കറികളുടെ സാമ്പിളുകൾ മാർക്കറ്റിൽ നിന്നും ശേഖരിച്ച് വിഷാംശ പരിശോധന നടത്തി റിപ്പോർട്ട് പരസ്യപ്പെടുത്തുന്നു. ചെക്ക് പോസ്റ്റുകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിലുള്ള ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നുണ്ട്. അമിതമായ കീടനാശിനി പ്രയോഗത്തിനെതിരെ അയൽ സംസ്ഥാനങ്ങളിലെ കർഷകരിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് വിഷവിമുക്തമായ പച്ചക്കറി ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ കർഷകർക്ക് ധനസഹായവും നൽകുന്നുണ്ട്. കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. |
| (ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ ഏത് സംസ്ഥാനത്തുനിന്നും വരുന്ന പച്ചക്കറികളിലാണ് അപകടകരമായ രീതിയിൽ വിഷം കലർന്നതായി ശ്രദ്ധയിൽപ്പെട്ടത്; | (ബി) സംസ്ഥാനത്ത് എത്തുന്ന പച്ചക്കറികൾ (ആകസ്മിക) റാൻഡം സാമ്പിൾ പരിശോധന നടത്തുന്നതിനാൽ ഏത് സംസ്ഥാനത്തെന്ന് തിട്ടപ്പെടുത്താൻ കഴിയുകയില്ല. ഇതര സംസ്ഥാന പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കാണുന്നുണ്ട്. |
| (സി) പച്ചക്കറികളിൽ കണ്ടുവരുന്ന വിഷ പദാർത്ഥങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) സൈപെർമെത്രിൻ, മാലത്തയോൺ, പ്രൊഫെനോഫോസ്, എത്തയോൺ, ലാംഡാ സൈഹാലോതിൻ, ഡൈമെത്തോയേറ്റ്, ഫെൻവാലറേറ്റ്, ക്ലോർപൈറിഫോസ്, ട്രയസോഫോസ്, ഫെൻപ്രൊപാത്രിൻ, ബൈഫെൻത്രിൻ, സൈഫ്ലൂത്രിൻ, ക്യൂനാൽഫോസ്, ബൈഫെൻത്രിൻ എന്നീ കീടനാശിനികളുടെ അംശം കണ്ടെത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**